LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ റേഷൻ വ്യാപാരികളെ മുൻഗണനാ പോരാളികളായി പരിഗണിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 18 മുതൽ 44 വയസ്സുവരെ പ്രായമായ റേഷൻ വ്യാപാരികളിൽ വാക്സിൻ എടുക്കാൻ സമ്മതമുള്ളവരുടെ രജിസ്ട്രേഷൻ covid19.kerala.gov.in എന്ന പോർട്ടലിൽ നടന്നു വരുന്നു.

(ബി) കോവിഡ് ബാധിച്ച് സംസ്ഥാനത്ത് എത്ര റേഷൻ വ്യാപാരികളും അനുബന്ധ ജോലിയിൽ ഏർപ്പെട്ടവരും മരണപ്പെട്ടു; ഇവർക്ക് അർഹമായ നഷ്ടപരിഹാരം നൽകുന്നകാര്യം പരിശോധിക്കുമോ?

കോവിഡ് ബാധിച്ച് സംസ്ഥാനത്ത് നാളിതുവരെ 25 റേഷൻ വ്യാപാരികളും 15 സെയിൽസ്മാൻ/സെയിൽസ് വുമണും മരണപ്പെട്ടിട്ടുണ്ട്. റേഷൻ വ്യാപാരി ക്ഷേമനിധിയിൽനിന്ന് അംഗങ്ങൾക്ക് ലഭിക്കുന്ന മരണാനന്തര ധനസഹായം പരിമിതമായതിനാൽ കോവിഡ് ബാധിച്ച് മരണപ്പെടുന്ന റേഷൻ വ്യാപാരികൾക്കുള്ള മരണാനന്തര ധനസഹായം ഉയർത്തുന്നതിന് 06-05-2021-ൽ ഭക്ഷ്യ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം തീരുമാനിച്ചിട്ടുണ്ട്. കോവിഡ്മൂലം മരണപ്പെട്ട റേഷൻ വ്യാപാരികൾക്ക് ധനസഹായം അനുവദിക്കുന്നത് സംബന്ധിച്ച് സിവിൽ സപ്ലൈസ് ഡയറക്ടർ സമർപ്പിച്ച ശിപാർശ സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു.

(സി) സംസ്ഥാനത്ത് റേഷൻ വ്യാപാരികൾക്കും അനുബന്ധ ജോലിയിൽ ഏർപ്പെട്ടവർക്കുമായി ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിവരങ്ങൾ ലഭ്യമാക്കുമോ?

സംസ്ഥാനത്ത് എഫ്.പി.എസ്. ഡീലർമാർ, സെയിൽസ്മാൻമാർ എന്നിവർക്ക് സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പ് മുഖേന കോവിഡ് ഇൻഷ്വറൻസ് ഏർപ്പെടുത്തുന്ന കാര്യം പരിശോധിച്ചുവരുന്നു.

## ബി.പി.എൽ. വിഭാഗത്തിലേയ്ക്ക് കാർഡുകൾ മാറ്റിനൽകുന്നതിനുവേണ്ട അടിയന്തര നടപടി

125(136) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം താലൂക്കിൽ നിലവിൽ എത്ര റേഷൻ കാർഡുകളാണ് ഉള്ളതെന്നും എ.എ.വൈ., മുൻഗണന, മുൻഗണനേതര സബ്സിഡി, മുൻഗണനേതര എന്നിങ്ങനെ എത്രയെന്നും തരംതിരിച്ച് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

കോതമംഗലം താലൂക്കിൽ ആകെ 69886 റേഷൻ കാർഡുകളാണുള്ളത്. ഓരോ വിഭാഗത്തിലുമുള്ള കാർഡുകളുടെ എണ്ണം ചുവടെ ചേർക്കുന്നു. അന്ത്യോദയ അന്നയോജന (എ.എ.വൈ) - 3896, പി.എച്ച്.എച്ച് - 24560, മുൻഗണനേതര സബ്സിഡി (എൻ.പി.എസ്) - 18562, മുൻഗണനേതര നോൺ സബ്സിഡി (എൻ.പി.എൻ.എസ്) - 22100, മുൻഗണനേതര ഇൻസ്റ്റിറ്റ്യൂഷൻ (എൻ.പി.ഐ) - 768.

(ബി) നിലവിൽ എ.പി.എൽ. വിഭാഗത്തിൽപ്പെട്ട എത്ര റേഷൻ കാർഡ് ഉടമകൾ ബി.പി.എൽ. വിഭാഗത്തിലേയ്ക്ക് കാർഡ് മാറ്റുന്നതിനുവേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും ഇതിൽ എത്ര അപേക്ഷകർക്ക് ബി.പി.എൽ. വിഭാഗത്തിലേയ്ക്ക് റേഷൻ കാർഡ് മാറ്റി നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 നടപ്പിൽ വരുത്തിയതിന്റെ ഭാഗമായി ബി.പി.എൽ/എ.പി.എൽ. വിഭാഗങ്ങൾക്ക് പകരമായി മുൻഗണനാ/ മുൻഗണനേതര വിഭാഗങ്ങളാണ് നിലവിലുള്ളത്. മുൻഗണനാ വിഭാഗത്തിലേയ്ക്ക് കാർഡ് മാറ്റുന്നതിനുവേണ്ടി സമർപ്പിച്ച 4273 അപേക്ഷകളിൽ 2753 കാർഡുകൾ പി.എച്ച്.എച്ച്. വിഭാഗത്തിലേയ്ക്ക് മാറ്റി നൽകിയിട്ടുണ്ട്.

(സി) അർഹരായ മുഴുവൻ അപേക്ഷകരുടെയും കാർഡുകൾ ബി.പി.എൽ. വിഭാഗത്തിലേയ്ക്ക് മാറ്റി നൽകുന്നതിനുവേണ്ട അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

അനർഹരെ കണ്ടെത്തി ഒഴിവാക്കിക്കൊണ്ടും അപേക്ഷകരെ ഹിയറിംഗ് നടത്തിയും ആവശ്യമെങ്കിൽ ഫീൽഡ് എൻക്വയറി നടത്തിയും അർഹരായ അപേക്ഷകരുടെ കാർഡുകൾ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കോവിഡ് മരണങ്ങളുടെ കണക്ക്**

126 (137) ശ്രീ. പി. അബ്ദുൽ ഹമീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുഴുവൻ ജനന-മരണങ്ങളുടെ കണക്ക് സൂക്ഷിക്കുന്ന തദ്ദേശസ്വയംഭരണ വകുപ്പിൽ കോവിഡ് മരണങ്ങളുടെ കണക്ക് ലഭ്യമല്ലെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.